പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം : 2003 — 26. 03. 2013 ൽ മറുപടിക്ക്

വൈദ്യുതോപഭോഗം കുറയ്ക്കുന്നതിനുള്ള നടപടികൾ

**ചോദ്യം** — **ഉത്തരം**

ശ്രീ. കെ. കെ. നാരായണൻ — ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വൈദ്യുതോപ ഭോഗം കുറയ്ക്കുന്ന തിനു വേണ്ടി ജനങ്ങളെ ബോധവൽ ക്കരിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തു ന്നതെന്ന് വ്യ ക്തമാക്കുമോ ; | (എ) | സംസ്ഥാനത്ത് വൈദ്യുതോപഭോഗം കുറ യ്ക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുന്ന തിന് വേണ്ടി വിവിധ ഊർജ്ജ സംരക്ഷണ പ്രചാരണങ്ങൾ നടത്തി വരുന്നുണ്ട്. വൈദ്യുതി ബോർഡിൽ രൂപീകരിച്ചിട്ടുള്ള സി.എസ്.എം. സെല്ലുകളുടെ നേതൃത്വത്തിൽ റസിഡന്റ്സ് അസോസിയേഷനുകളും കുടുംബശ്രീ യൂണിറ്റ്, ആർട്സ് ക്ല ബുകൾ തുടങ്ങിയവയുമായി സഹക രിച്ച് ഉപഭോക്താക്കൾക്കിടയിൽ ബോധവൽ ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ ദേശീയ സമ്പാദ്യ വകുപ്പി ന്റെ കീഴിലുള്ള മഹിള പ്രധാൻ /എസ്.എ. എസ് ഏജന്റ് മാരുടെ സേവനം ഉപയോ ഗിച്ച് ബോധവൽ കരണ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി ഏജന്റുമാർക്ക്, നവം ബർ, ഡിസം ബർ 2012 മാസങ്ങളിൽ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ ട്രയിനിംഗ് നൽകിയിട്ടുണ്ട്.<br>വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്ന വിവിധ പ്രചാ രണ പ്രവർത്തനങ്ങൾ പത്ര-ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങളിലൂടെ നടപ്പിലാക്കി വരുന്നുണ്ട്. കേരളത്തിലെ പ്രധാന പ്രദർശന നഗരിക ളിൽ വൈദ്യുതി സംരക്ഷണത്തിന്റെ പ്രാധാ ന്യം വ്യക്തമാക്കുന്ന തരത്തിലുള്ള പ്രദർശന |

| | | | |
|---|---|---|---|
| | | | വസ്തുക്കൾ ഒരുക്കുകയും ലഘുരേഖകൾ വിതരണം ചെയ്യുകയും പോസ്റ്ററുകൾ പ്രദർശിപ്പിക്കുകയും ചെയ്യാറുണ്ട്. കൂടാതെ വൈദ്യുതി ബോർഡ് പത്രദ്വാരാ നൽകുന്ന എല്ലാ ടെണ്ടർ പരസ്യങ്ങൾക്കും മറ്റ് സ്റ്റാറ്റ്യൂട്ടറി നോട്ടീസുകൾക്കും കീഴെ വൈദ്യുതി സംരക്ഷണ സന്ദേശങ്ങൾ ഉൾപ്പെടുത്താറുണ്ട്.<br>ഇതിനു പുറമേ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി 'ലാഭപ്രഭ' എന്ന ബൃഹത്തായ പ്രചാരണ പരിപാടിക്ക് 2013 മാർച്ച് 23 ന് തുടക്കം കുറിച്ചു. ലാഭപ്രഭയുടെ ഭാഗമായി ഊർജ്ജസമ്പാദ്യം, നോ-ലോഡ് ഷെഡിംഗ് കാമ്പയിൻ എന്നീ രണ്ട് പദ്ധതികളാണ് നടപ്പാക്കാൻ ലക്ഷ്യമിടുന്നത്. ഊർജ്ജസമ്പാദ്യം എന്ന പരിപാടിയിലൂടെ കേരളത്തിലെ മുഴുവൻ ജനങ്ങളെയും വൈദ്യുതി ലാഭിക്കാൻ പ്രേരിപ്പിക്കും. ഇതു വഴിയുണ്ടാകുന്ന ലാഭം ഉപഭോക്താവുമായി പങ്കുവയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. നോ-ലോഡ് ഷെഡിംഗ് കാമ്പയിൻ എന്ന പുതിയ പദ്ധതിയിലൂടെ ഉപഭോക്താക്കളുമായി സഹകരിച്ച് ഊർജ്ജസംരക്ഷണത്തിലൂടെ വൈദ്യുതി ലാഭിക്കുകയും, ഫീഡറുകൾ കേന്ദ്രീകരിച്ച് ലോഡ് ഷെഡിംഗ് ഒഴിവാക്കുകയും ചെയ്യും. ജനപ്രതിനിധികൾ, സ്ഥാപനങ്ങൾ, പഞ്ചായത്തുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുമായി സഹകരിച്ചാണ് ഇതു നടപ്പാക്കുന്നത്.<br>ലാഭപ്രഭ പദ്ധതിയനുസരിച്ച് വൈദ്യുതി ഗണ്യമായി ലാഭിക്കുന്നവർക്കായി രണ്ടു കോടി രൂപയുടെ സമ്മാനങ്ങൾ നൽകാനും ഉദ്ദേശിക്കുന്നു. |
| (ബി) | പ്രസ്തുത പ്രവർത്തനങ്ങൾ ഫലവത്തായിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (ബി) | പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി ജനുവരി, ഫെബ്രുവരി മാസത്തിലെ പ്രതിദിന ഉപഭോഗവും, ഡിമാന്റും പ്രതീക്ഷിച്ചതിനെക്കാൾ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാന മുഖ്യമന്ത്രി, മന്ത്രിമാർ, ഗവ. ചീഫ് വിപ്പ് എന്നിവർ താമസിക്കുന്ന വസതികളിലെ കഴിഞ്ഞ ആറുമാസത്തെ വൈദ്യുതോപയോഗവും ആയതിന്റെ ബിൽതുകയും വേർതിരിച്ചു വിശദമാക്കുമോ? | (സി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**